# ആറ്റിങ്ങൽ നഗരസഭ

# 2015–16 ലെ പുതുക്കിയ ബഡ്ജറ്റും 2016–17 ലെ പദ്ധതികൾ ഉൾപ്പെടുത്തിയ മതിപ്പ് ബഡ്ജറ്റും

ചെയർമാൻ : എം. പ്രദീപ്

വൈസ്ചെയർപേഴ്സൺ : ആർ. എസ്. രേഖ

മുനിസിപ്പൽ സെക്രട്ടറി : പ്രദീപ്കുമാർ ആർ.

# MAP OF ATTINGAL MUNICIPALITY
## DISTRICT- THIRUVANANTHAPURAM
## TALUK-CHIRAYINKEEZHU



ആറ്റിങ്ങൽ നഗരസഭ

| | |
|---|---|
| **വിസ്തീർണ്ണം** | **: 16.87 ച.കി** |
| **ജനസംഖ്യ** | **: 37382** |
| **ഗ്രേഡ്** | **: 2** |
| **വാർഡുകളുടെ എണ്ണം** | **: 31** |

# ആറ്റിങ്ങൽ നഗരസഭ കൗൺസിൽ അംഗങ്ങൾ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | കൗൺസിലറുടെ പേര് | മൊബൈൽനമ്പർ |
|---|---|---|---|
| 1 | കൊച്ചുവിള | ഇമാമുദീൻ | 9746804933 |
| 2 | ആലംകോട് | റുഖൈനത്ത് എ | 9048879017 |
| 3 | പൂവൻപാറ | രജി എസ്സ് | 9645542409 |
| 4 | എൽ.എം.എസ് | കെ എസ് സന്തോഷ് കുമാർ | 9895008065 |
| 5 | കരിച്ചിയിൽ | പി ശ്യാമള അമ്മ | 9847528585 |
| 6 | തച്ചൂർകുന്ന് | എം കെ സുരേഷ് | 9847529075 |
| 7 | ആറാട്ടുകടവ് | ഗീതാകുമാരി | 9497202006 |
| 8 | അവനവഞ്ചേരി | എസ് ശോഭനകുമാരി | 9895817872 |
| 9 | ഗ്രാമം | ഗായത്രീദേവി സി ആർ | 9495970835 |
| 10 | വേലാംകോണം | എം പ്രദീപ് | 9847115669 |
| 11 | കച്ചേരി | സി പ്രദീപ് | 9447206168 |
| 12 | മനോമോഹനവിലാസം | അവനവഞ്ചേരി രാജു | 9895946970 |
| 13 | അമ്പലം മുക്ക് | റ്റി ആർ കോമളകുമാരി | 9633381508 |
| 14 | ചിറ്റാറ്റിൻകര | എം താഹിർ | 9447102214 |
| 15 | വലിയകുന്ന് | ശോഭന കെ | 9961262578 |
| 16 | ശീവേലിക്കോണം | പ്രിൻസ് രാജ് എസ് കെ | 9847806697 |
| 17 | മൂന്നുമുക്ക് | എം അനിൽകുമാർ | 9495153588 |
| 18 | അട്ടക്കുളം | എസ് ശ്രീലത | 9388339718 |
| 19 | പാർവ്വതീപുരം | ശ്രീദേവി കെ | 9947063811 |
| 20 | കാഞ്ഞിരംകോണം | മിനി ഒ എസ് | 9526428709 |
| 21 | രാമച്ചംവിള | രേഖ ആർ എസ് | 9895451043 |
| 22 | ചെറുവള്ളിമുക്ക് | ജി തുളസീധരൻ പിള്ള | 9446967877 |
| 23 | കൊടുമൺ | മഞ്ജു എം എസ് | 9744209796 |
| 24 | പാലസ് | ആർ എസ് പ്രശാന്ത് | 9633302444 |
| 25 | കുന്നത്ത് | ഷീജ എസ് | 9633576110 |
| 26 | ഠൗൺ | സന്തോഷ് എസ് | 9447025557 |
| 27 | പച്ചംകുളം | എൻ പത്മനാഭൻ | 9048402756 |
| 28 | തോട്ടവാരം | അഡ്വ: സി ജെ രാജേഷ്കുമാർ | 9847024605 |
| 29 | കൊട്ടിയോട് | വീണ പി എസ് | 9656049107 |
| 30 | ഠൗൺ ഹാൾ | എസ് ജമീല | 9846388429 |
| 31 | മേലാറ്റിങ്ങൽ | ആർ രാജു | 9447162609 |

# സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർമാർ

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| 1. | ആർ എസ് രേഖ | ചെയർപേഴ്സൺ |
| 2 | ഇമാമുദ്ദീൻ | മെമ്പർ |
| 3. | എം അനിൽ കുമാർ | മെമ്പർ |
| 4. | സി.ജെ രാജേഷ്കുമാർ | മെമ്പർ |
| 5. | പി എസ് വീണ | മെമ്പർ |

**വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| 1. | ആർ രാജു | ചെയർമാൻ |
| 2. | പ്രിൻസ് രാജ് എസ് കെ | മെമ്പർ |
| 3. | ശ്രീദേവി കെ | മെമ്പർ |
| 4. | പി ശ്യാമള അമ്മ | മെമ്പർ |
| 5. | എസ് ഷീജ | മെമ്പർ |

**ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| 1. | എസ് ജമീല | ചെയർപേഴ്സൺ |
| 2. | എം എസ് മഞ്ജു | മെമ്പർ |
| 3. | എസ് ശോഭന കുമാരി | മെമ്പർ |
| 4. | എസ് ശ്രീലത | മെമ്പർ |
| 5. | ജി തുളസീധരൻപിള്ള | മെമ്പർ |

**ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| 1. | അവനവഞ്ചേരി രാജു | ചെയർമാൻ |
| 2. | ആർ എസ് പ്രശാന്ത് | മെമ്പർ |
| 3. | എൻ പത്മനാഭൻ | മെമ്പർ |
| 4. | കെ എസ് സന്തോഷ്കുമാർ | മെമ്പർ |
| 5. | ഒ എസ് മിനി | മെമ്പർ |

**മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| 1. | എ റുബൈനത്ത് | ചെയർപേഴ്സൺ |
| 2. | ഗീതാകുമാരി | മെമ്പർ |
| 3. | എസ് സന്തോഷ് | മെമ്പർ |
| 4. | റ്റി ആർ കോമളകുമാരി | മെമ്പർ |
| 5. | എം കെ സുരേഷ് | മെമ്പർ |

**വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| 1. | സി പ്രദീപ് | ചെയർമാൻ |
| 2. | എം താഹിർ | മെമ്പർ |
| 3. | എസ് രജി | മെമ്പർ |
| 4. | സി ആർ ഗായത്രിദേവി | മെമ്പർ |
| 5. | കെ ശോഭന | മെമ്പർ |

## മുനിസിപ്പൽ കൗൺസിൽ - ആറ്റിങ്ങൽ

| | |
|---|---|
| വിസ്തീർണ്ണം | : 16.87 ചതുരശ്ര കിലോമീറ്റർ |
| ജനസംഖ്യ | : 37382 (2011 ലെ സെൻസസ്) |
| വാർഡുകളുടെ എണ്ണം | : 31 |
| ജനറൽ | : 14 |
| ജനറൽ വനിത | : 14 |
| പട്ടികജാതി | : 1 |
| പട്ടികജാതി വനിത | : 2 |
| ഗ്രേഡ് | : 2 |

| | |
|---|---|
| മുനിസിപ്പൽ സെക്രട്ടറി | : പ്രദീപ്കുമാർ ആർ |
| മുനിസിപ്പൽ എഞ്ചിനീയർ | : റാണി ജി |
| ഹെൽത്ത് സൂപ്പർവൈസർ | : ബി.അജയകുമാർ |
| സൂപ്രണ്ട് (ജനറൽ അഡ്മിനിസ്ട്രേഷൻ) | : സുരേന്ദ്രൻ.ആർ |
| സൂപ്രണ്ട് (റവന്യൂ) | : ഗീത .വി.എൻ |
| സൂപ്രണ്ട് (ഹെൽത്ത് & എഞ്ചിനീയറിംഗ്) | : ഉണ്ണിക്കൃഷ്ണൻ നായർ.വി |

## ആറ്റിങ്ങിൽ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ കൂടിയായ വൈസ് ചെയർപേഴ്സൺ ആർ.എസ്.രേഖ നടത്തിയ പ്രസംഗം.

ബഹുമാനപ്പെട്ട ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, കൗൺസിലർമാർ, സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥ സുഹൃത്തുക്കളെ,

ആറ്റിങ്ങൽ നഗരസഭയുടെ 2015-16 ലെ പുതുക്കിയ ബഡ്ജറ്റും 2016-17 ലെ മതിപ്പ് ബഡ്ജറ്റും കൗൺസിലിലെ വിശദമായ ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു. പുതിയ കൗൺസിലിന്റെ ആദ്യ ബഡ്ജറ്റാണിത്. കഴിഞ്ഞ കൗൺസിലിന്റെ വികസന നേട്ടങ്ങളും ക്ഷേമ പ്രവർത്തനങ്ങളും നോക്കിക്കണ്ട ടൗൺ നിവാസികൾ ഈ കൗൺസിലിനെയും കൗൺസിലിന്റെ ആദ്യ ബഡ്ജറ്റിനെയും പ്രതീക്ഷയോടെയാണ് നോക്കി കാണുന്നത്. കഴിഞ്ഞ കൗൺസിലുകളുടെ പ്രവർത്തന പാരമ്പര്യം ഉൾക്കൊണ്ട് തന്നെയാണ് ഈ ബഡ്ജറ്റിലൂടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്.

സംസ്ഥാനത്തിനും രാജ്യത്തിനും തന്നെ മാതൃകയായ നമ്മുടെ നഗരസഭയെ ഇനിയും മാതൃകയായിത്തന്നെ നിലനിർത്തുകയെന്നതും ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയെന്നതുമായ കർത്തവ്യവുമാണ് നമ്മളിൽ അർപ്പിതമായിരിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ ലഭിച്ചതു പോലുള്ള അംഗീകാരങ്ങൾ ഇനിയും നമ്മുടെ നഗരസഭയ്ക്ക് ലഭിക്കേണ്ടതുണ്ട്.

കഴിഞ്ഞ കൗൺസിലിന്റെ കാലത്ത് നടപ്പിലാക്കിയ ശതാബ്ദി ഭവന പദ്ധതി, സുവർണ്ണ ഭവന പദ്ധതി, സംതൃപ്തി ഭവന പദ്ധതി, സമ്പൂർണ്ണ വൈദ്യുതീകരണ നഗരം, സമ്പൂർണ്ണ കുടിവെള്ള ലഭ്യനഗരം, ആശ്രയ പദ്ധതി, പാലിയേറ്റീവ് കെയർ യൂണിറ്റ്, റോഡുകളാകെ സഞ്ചാരയോഗ്യമാക്കിയത്, ദേശീയ പാതയുടെ വികസനത്തിന് തുടക്കം കുറിച്ചത്. എല്ലാം മറ്റ് നഗരസഭകൾക്കും മാതൃകയായിരുന്നു.

ഒരു സുസ്ഥിരമായ വികസനനയമാണ് ഈ കൗൺസിൽ ആഗ്രഹിക്കുന്നത്. പരിസ്ഥിതി സംരക്ഷണം, ഊർജ്ജലാഭം എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കണം നമ്മുടെ

വികസനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. പ്ലാസ്റ്റിക് നിരോധനം പോലുള്ള നടപടികളും ജനകീയ വനവൽക്കരണം പോലുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്. ഒരു ജനകീയ വികസന സംരംഭത്തിന് തന്നെ രൂപം നൽകേണ്ടതുണ്ട്.

അതിന് ഒരു കൂട്ടായ പ്രവർത്തനം ആവശ്യമാണ്. രാഷ്ട്രീയത്തിന് അതീതമായ ഒരു വികസന നയമാണ് നമുക്ക് ആവശ്യം. അനാവശ്യമായ രാഷ്ട്രീയ ഇടപെടലും തർക്കങ്ങളും ഒരിക്കലും വികസന മുന്നേറ്റത്തിന് വഴിതുറക്കില്ല. മറിച്ച് വികസന മുരടിപ്പിനാണ് സാദ്ധ്യത. കഴിഞ്ഞ കൗൺസിൽ ഇക്കാര്യത്തിൽ മാതൃകയായിരുന്നു. നമുക്കും ആ മാതൃകതന്നെ പിന്തുടരേണ്ടതുണ്ട്. ജനം ആഗ്രഹിക്കുന്നതും അതു തന്നെയാണ്.

വരും വർഷം മുന്നിരിപ്പുൾപ്പെടെ 52,64,69,717/- രൂപ വരവും 36,87,23,900/- രൂപ ചെലവും 15,77,45,817/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് ബഹുമാനപ്പെട്ട കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്. ആവശ്യമായ ചർച്ചയും നിർദ്ദേശവും നൽകി ടൗണിന്റെ സമഗ്ര വികസനവും ക്ഷേമവും ലക്ഷ്യമിടുന്ന ഈ ബഡ്ജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

ആറ്റിങ്ങൽ ,

01.03.2016.

ആർ.എസ്.രേഖ,

വൈസ് ചെയർപേഴ്സൺ.

# 2016 – 17 വർഷത്തേക്കുള്ള പുതിയ പദ്ധതികളും നിർദ്ദേശങ്ങളും

- സുസ്ഥിര വികസനത്തിലൂടെ ആറ്റിങ്ങൽ പട്ടണത്തെ ഹരിതനഗരമാക്കി മാറ്റും.
- ദേശീയപാത വീതി കൂട്ടുന്ന പദ്ധതി ടെണ്ടർ നടപടിയിലേക്ക്. പദ്ധതി വിജയിപ്പിക്കുന്നതിന് ആവശ്യമായ തുടർ
- നടപടികൾ സ്വീകരിക്കും.
- ദേശീയപാതയ്ക്ക് സമാന്തരമായി ബൈപാസ് നിർമ്മാണത്തിന് നടപടി സ്വീകരിക്കും.
- ടൗൺഹാൾ ആധുനിക രീതിയിൽ പുനർ നിർമ്മിക്കും.
- സ്റ്റീൽ ഫാക്ടറി സ്ഥലം കേന്ദ്രസർക്കാരിൽ നിന്ന് ഏറ്റെടുത്ത് മുനിസിപ്പൽ ബസ് സ്റ്റാന്റ് മാറ്റി സ്ഥാപിക്കും.
- പുതിയ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കും.
- വലിയകുന്ന് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കും.
- നഗരസഭ പൂർണമായി കമ്പ്യൂട്ടർവൽക്കരിക്കും.
- നഗരസഭ ആഫീസും വലിയകുന്ന് താലൂക്ക് ആശുപത്രിയും പൂർണ്ണമായും സോളാർ സംവിധാനത്തിൽ കൊണ്ടുവരും.
- എല്ലാ വാർഡുകളിലും സേവാഗ്രാമം ആഫീസുകൾ ആരംഭിക്കും.
- മാസത്തിൽ ഒരു ദിവസം പരാതി പരിഹാര ദിനമായി ആചരിക്കും.
- തരിശായിക്കിടക്കുന്ന ഭൂമി ഏറ്റെടുക്കാൻ ഭൂബാങ്ക് രൂപീകരിക്കും.
- പരിസ്ഥിതി സംരക്ഷണത്തിന് മുൻഗണന.
- വിദ്യാലയ കാമ്പസുകൾ 'ഹരിത' കാമ്പസുകളാക്കും
- ഊർജലാഭത്തിന് എനർജിമാപ്പിംഗ് തയ്യാറാക്കും.
- കാർബൺഡൈഓക്സൈഡിന്റെ അളവ് കുറയ്ക്കാൻ നടപടികൾ.
- പുതിയ സംസ്കരണസംവിധാനമായ സാനിട്ടറിലാന്റ്ഫിൽ പദ്ധതി പ്രവൃത്തിപഥത്തിൽ.
- സർക്കാർ അനുമതിലഭിച്ചാൽ കച്ചേരി കോമ്പൗണ്ടിൽ ഉൾപ്പെടെ പൊതു ടോയ്ലറ്റ്.
- പട്ടികജാതി വിഭാഗത്തിന് അംബേദ്കർ ഭവന പദ്ധതി.
- ടൗണിന്റെ വിവിധ ഭാഗങ്ങളിൽ മലിനജല സംസ്ക്കരണ പദ്ധതി.
- ക്രിമിറ്റോറിയത്തിൽ വിറകിന് പകരം ഗ്യാസ് സംവിധാനം ഏർപ്പെടുത്തും.
- ഗുരുനാഗപ്പൻ കാവിലെ പവർലൂം സൊസൈറ്റി സ്ഥലം ഏറ്റെടുത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കും.
- ഹൗസ് ബാങ്ക് (House Bank) ആരംഭിക്കും. പദ്ധതി അംഗീകാരം ലഭിക്കുന്നതുവരെ കാത്തു നിൽക്കാതെ അപേക്ഷകൾ രജിസ്റ്റർ ചെയ്യുകയും നടപടികൾ പൂർത്തിയാക്കുന്നതനുസരിച്ച് വീടുകൾ അനുവദിക്കുകയും ചെയ്യും.
- ഭരണപരിഷ്കരണത്തിന്റെയും ജനകീയവൽക്കരണത്തിന്റെയും ഭാഗമായി പുതിയ മേഖലാ ആഫീസുകൾ
- ആരംഭിക്കും.
- പ്രധാന സ്ഥലങ്ങളിൽ മാവേലിസ്റ്റോറുകൾ.
- അവനവൻചേരിയിൽ സഹകരണ ബാങ്ക് ശാഖ ഉടൻ ആരംഭിക്കും.

- ദേശീയപാതയിലെ പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് സംവിധാനം ഏർപ്പെടുത്തും.
- പ്രധാന ജംഗ്ഷനുകളിൽ ദിശാ ബോർഡുകൾ സ്ഥാപിക്കും. പ്രമുഖ വ്യക്തികളുടെ പേരിൽ ഇടറോഡുകൾക്ക് നാമകരണം നൽകും.
- പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ പ്രത്യേക പദ്ധതി.
- 5 കോടി രൂപ റോഡുകളുടെ വികസനത്തിന്.
- ഊർജ്ജസംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിന് പ്രത്യേക പദ്ധതികൾ.
- **"നഗരമരവൽക്കരണ"** പദ്ധതി നടപ്പിലാക്കും **"നാളേയ്ക്കൊരുമരം"** പദ്ധതിയിലൂടെ പതിനായിരം മരങ്ങൾ വച്ചുപിടിപ്പിക്കും.
- വരദായിനിയായ വാമനപുരം നദി സംരക്ഷിക്കാൻ **"ഹരിതതീരം"** പദ്ധതിയിലൂടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നദിയുടെ ഇരുകരകളിലും മരങ്ങൾ വച്ചുപിടിപ്പിക്കും.
- ഊർജ്ജ സംരക്ഷണത്തിന് വിദ്യാലയങ്ങളിൽ **"സേവ് എനർജി"** പദ്ധതി നടപ്പിലാക്കും.
- റെസിഡൻസ് അസോസിയേഷനുകളുമായി സഹകരിച്ച് **"ഊർജ്ജലാഭം ധനലാഭം ഒപ്പം പരിസ്ഥിതി സംരക്ഷണം"** എന്ന പദ്ധതി .
- ആറ്റിങ്ങൽ പട്ടണത്തിന്റെ ചരിത്രം ഉൾക്കൊള്ളിച്ച് വെബ് സൈറ്റ് ആരംഭിക്കും.
- വയോജനങ്ങളുടെ ആരോഗ്യക്ഷേമ പദ്ധതികൾക്കായി **"വയോമിത്രം"** പദ്ധതി നടപ്പിലാക്കും.
- ആറ്റിങ്ങൽ പട്ടണത്തെ വൈ ഫൈ സംവിധാനമുള്ള നഗരമാക്കി മാറ്റും.
- നഗരസഭ അങ്കണത്തിൽ എ.റ്റി.എം. കൗണ്ടർ ഉടൻ ആരംഭിക്കും.
- ആറ്റിങ്ങലിന്റെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കും.
- കുടുംബശ്രീ വഴി എല്ലാ വനിതകൾക്കും യോഗ പരിശീലനം.
- കോയിക്കൽ കൊട്ടാരവും അനുബന്ധ സ്ഥാപനങ്ങളും ചരിത്ര മ്യൂസിയമാക്കുന്നതിന് സംസ്ഥാന ആർക്കിയോളജിക് വകുപ്പുമായി സഹകരിച്ച് പദ്ധതി ആവിഷ്കരിക്കും.
- ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കും.
- കൊല്ലമ്പുഴയിലെ ടൂറിസം പാർക്ക് നവീകരിക്കും. ബോട്ട് സർവ്വീസ് ആരംഭിക്കും.
- പൊതുസ്ഥലങ്ങളിൽ സി.സി.റ്റി.വി സ്ഥാപിക്കും.
- നഗരത്തെ ഐ.എസ്.ഒ സർട്ടിഫിക്കറ്റ് പദവിയിലെത്തിക്കും.
- പ്രധാന സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കും.
- വനിതകൾക്ക് ആട്ടോറിക്ഷാ പരിശീലനത്തിനും ആട്ടോറിക്ഷ നല്കുന്നതിനും പദ്ധതി.
- പുതിയ കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കും.
- പൂവമ്പാറ, കൊല്ലമ്പുഴ മാമം പാലങ്ങളിൽ നിന്ന് നദിയിലേക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻ ദേശീയപാത, പൊതുമരാമത്ത്, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുമായി സഹകരിച്ച് നെറ്റ് സ്ഥാപിക്കും.
- വിവിധ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിക്കും.

- തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കും.
  കോളനികളെ "ആരോഗ്യസുരക്ഷാ" കോളനികളാക്കും.
- കോളനികൾ കേന്ദ്രീകരിച്ച് രോഗപ്രതിരോധ നടപടികൾ ശക്തമാക്കും.
- കോളനികളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ പരിപാടി, വിവിധ വിദ്യാലയങ്ങളിലെ
- എൻ.എസ്.എസ് യൂണിറ്റുമായി ചേർന്ന് ശുചീകരണ പരിപാടി എന്നിവ സംഘടിപ്പിക്കും.
- എല്ലാ പട്ടികജാതി കോളനികളിലും ഭവനങ്ങളിലും പൈപ്പ്ലൈൻ നീട്ടി കണക്ഷൻ നൽകും.
- കോളനികളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കും.
- പട്ടികജാതി കോളനികളിൽ സോളാർ വൈദ്യുതി സിസ്റ്റം നടപ്പിലാക്കും.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ സംവിധാനം.
- പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പഠനോപകരണം.
- കുടുംബശ്രീ വഴി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ജൈവ കിഴങ്ങ് വർഗ്ഗകൃഷി വ്യാപന പദ്ധതി നടപ്പിലാക്കും.
- പാർക്കുകൾ നവീകരിക്കും. അവനവൻചേരിയിൽ പുതിയ പാർക്ക് നിർമ്മിക്കും.
- പാർക്കുകളിൽ വിഭിന്നശേഷിയുള്ള കുട്ടികൾക്കായി ഹോർട്ടികൾച്ചറൽ തെറാപ്പി സംവിധാനം
- ഏർപ്പെടുത്തും.
- നെൽക്കൃഷി പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതി, കാർഷിക കൂട്ടായ്മ സംഘടിപ്പിക്കും.
- എല്ലാ വീട്ടിലും ജൈവ പച്ചക്കറിക്കൃഷി.
- ഇടവിളക്കൃഷി കാര്യക്ഷമമാക്കും.
- കാർഷികോൽപ്പന്ന സംഭരണ വിതരണ കേന്ദ്രം.
- പോളി ഹൗസ് ആരംഭിക്കും.
- ജൈവ കമ്പോസ്റ്റ് ഉല്പാദിപ്പിക്കാൻ പ്രത്യേക പദ്ധതി.
- എല്ലാ കുളങ്ങളിലും മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിന് മത്സ്യ സമൃദ്ധി പദ്ധതി.
- വീടുകളിൽ മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി.
- തരിശായി കിടക്കുന്ന പുരയിടങ്ങളും പാടങ്ങളും ഏറ്റെടുത്ത് ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കും.
- "ക്ഷീര" സമൃദ്ധി പദ്ധതി നടപ്പിലാക്കും.
- കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കും.
- കുളമ്പു രോഗത്തിനെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ.
- മൊബൈൽ മൃഗാശുപത്രി ആരംഭിക്കും.
- ക്ഷീര കർഷകർക്ക് പശുക്കളെ വിതരണം ചെയ്യും.
- തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം.